# ജി എൽ പി എസ്

## കുന്നിയോട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

വിദ്യാലയത്തിന്റെ പേര് : ജി. എൽ. പി. സ്കൂൾ. കുന്നിയോട്

ഉപജില്ല : പേരാമ്പ്ര

വിദ്യാഭ്യാസ ജില്ല : താമരശ്ശേരി

വിദ്യാർത്ഥികളുടെ എണ്ണം : 35

അധ്യാപകരുടെ എണ്ണം : 5

സ്കൂൾ കോഡ് : 47629

പഞ്ചായത്ത് : ചങ്ങരോത്ത്

പ്രധാനാധ്യാപകൻ : കെ. പി. നാരായണൻ

# ആമുഖം

1954 ൽ ഒരു ഏകാധ്യാപക വിദ്യാലയമായാണ് കുന്നിയോട് ജി എൽ.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ആദ്യ കാലത്ത് ഓലമേഞ്ഞ ഷെഡിലായിരുന്നു സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 1969 ലാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി നിർമിച്ചത്. അന്നത്തെ സ്കൂൾ കമ്മറ്റി വിലയ്ക്കു വാങ്ങി സർക്കാരിലേക്ക് നൽകിയ 10 സെന്റ് സ്ഥലത്താണ് ഇപ്പോഴും സ്കൂൾ സ്ഥിതി ചെയ്യുന്നത്.

10 സെന്റ് സ്ഥലത്തെ പരിമിതമായ ചുറ്റുപാടിൽ വീർപ്പുമുട്ടുന്ന അവസ്ഥയിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. ആ സാഹചര്യത്തിൽ പൂർവ്വ വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും, അധ്യാപകരുടെയും സഹായത്താൽ 35 സെന്റ് സ്ഥലം വാങ്ങി. അതിൽ ബിൽഡിംഗ് പണിയാനുള്ള ഒരുക്കത്തിലാണ് ഇപ്പോഴുള്ളത്. പൊതുജനങ്ങളുടെയും, PTA യുടെയും മറ്റ് സാംസ്കാരിക സംഘടനകളുടെയും സഹായം അകമഴിഞ്ഞ് കിട്ടിയതിനാലാണ് പുതിയ ബിൽഡിംഗ് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പോകുന്നത്.

പഞ്ചായത്തിലെ മറ്റ് സ്കൂളുകൾക്ക് ഒപ്പം തന്നെ പഠനമികവിലും, പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂളിലെ ഓരോ വിദ്യാർത്ഥിയും മുന്നിട്ടു നിൽക്കുന്നു എന്ന കാര്യം ശ്രദ്ധേയമാണ്.

പരിമിതമായ സൗകര്യങ്ങളാണ് ഏറെ കുറെ സ്കൂളിനെ പ്രതിസന്ധിയിലാക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് എല്ലാ ക്ലാസുകളിലേക്കും കമ്പ്യൂട്ടറും പ്രൊജക്ടറും ലഭിച്ചിട്ടുണ്ടായിരുന്നെങ്കിലും അവയൊന്നും ഇപ്പോൾ പ്രവർത്തനമല്ല എന്നത് ഖേദകരമായ വസ്തുതയാണ്. അവ റിപ്പയർ ചെയ്യുന്നതിന് ഭാരിച്ച ചെലവ് വരുമെന്നതിനാൽ പുതിയ സിസ്റ്റങ്ങൾ വാങ്ങുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങൾ. പാചക പുരയുടെ കാര്യവും വളരെ പരിതാപകരമാണ്. വേണ്ടത്ര സുരക്ഷിതത്വമില്ലാത്തതിനാൽ അരണ, ഓന്ത്, തവള എന്നിവ മിക്കപ്പോഴും ഞങ്ങളുടെ അടുക്കളയിൽ എത്താറുണ്ട്. സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഉണ്ടെങ്കിലും അത് മലിനമായി കിടക്കുകയാണ്. ഒരു സ്വകാര്യ വ്യക്തിയുടെ കിണറിൽ നിന്നാണ് ഞങ്ങൾ വെള്ളം എടുക്കുന്നത്. അതുപോലെ കളിസ്ഥലം, ചുറ്റുമതിൽ എന്നിങ്ങനെയുള്ള ഭൗതിക സൗകര്യങ്ങളും മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളും ഇന്ന് സ്കൂളിൽ ഇല്ല. ഇങ്ങനെയൊക്കെയാണെങ്കിലും പുതുതായി വാങ്ങിയ സ്ഥലത്ത് ബിൽഡിംഗ് പണിയുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്.

# ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി അനുശാസിക്കുന്ന രീതിയിൽ അക്കാദമിക പരമായി എല്ലാ കുട്ടികളെയും മികവിലേക്ക് നയിക്കുക.
- പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കാനുള്ള സംവിധാനം ഒരുക്കുക.
- കുട്ടികളുടെ അക്കാദമിക പുരോഗതിക്കൊപ്പം സർഗ്ഗാത്മകമായ ഉയർച്ചയും ലക്ഷ്യമിടുക.
- എല്ലാ കുട്ടികളും എല്ലാ വിഷയങ്ങളിലും പ്രാവീണ്യമുള്ളവരാക്കുക.
- രസകരവും, ക്രിയാത്മക ചിന്ത ഉണർത്തുന്നതുമായ ക്ലാസ് മുറികൾ സൃഷ്ടിക്കുക.
- മികച്ചതും സ്കൂളുമായി ചേർന്ന് നിൽക്കുന്നതുമായ PTA രൂപപ്പെടുത്തുക.
- പിന്നോക്കക്കാരില്ലാത്ത ക്ലാസ് മുറികൾ സാധ്യമാക്കുക.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തന രീതി | കാലയളവ് | വിനിയോഗ സംവിധാനം |
|---|---|---|---|---|
| 1. | പിന്നാക്കക്കാർക്കായുള്ള പ്രത്യേക പരിശീലനം (ശ്രദ്ധ) | മലയാളത്തിളക്കം, ഗണിത വിജയം, ഹലോ ഇംഗ്ലീഷ് പരിപാടികളിലൂടെ പിന്നാക്കക്കാരെ മുന്നിലെത്തിക്കുക. | ജൂൺ - മാർച്ച് | സ്റ്റാഫ്, പി.ടി.എ. |
| 2. | പോഷകസമൃദ്ധമായ ഉച്ചഭക്ഷണം | 'സമൃദ്ധം ഉച്ചഭക്ഷണം' പദ്ധതിയിലൂടെ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഒരുക്കൽ | ജൂൺ - മാർച്ച് | പി.ടി.എ. |
| 3. | ക്ലാസ് ലൈബ്രറി ഒരുക്കൽ | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും എടുത്ത് ക്ലാസ് ലൈബ്രറി ഒരുക്കൽ. കൂടാതെ കുട്ടികളുടെ പിറന്നാൾ ദിനത്തോടനുബന്ധിച്ച് ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം പദ്ധതിയിലൂടെ ലൈബ്രറി വിപുലീകരിക്കൽ. | ജൂൺ - മാർച്ച് | സ്റ്റാഫ് രക്ഷിതാക്കൾ |

| ക്രമ നമ്പർ | പരിപാടി | പ്രവർത്തന രീതി | കാലയളവ് | പിന്തുണാ സംവിധാനം |
|---|---|---|---|---|
| 4. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | എല്ലാ ക്ലാസിലെയും കുട്ടികളെ ഉൾക്കൊള്ളിച്ചുള്ള communicative English class - പരിശീലനം | ഓഗസ്റ്റ് - | സ്റ്റാഫ് |
| 5. | എൽ.എസ്.എസ് പരിശീലനം | നാലാം തരത്തിലെ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം | ഓഗസ്റ്റ് - | വിഷയ വിദഗ്ധർ, സ്റ്റാഫ് |
| 6. | ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ | കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും അവസരമൊരുക്കിക്കൊണ്ടുള്ള യാത്രകൾ | ഡിസംബർ | പി.ടി.എ, സ്റ്റാഫ് |
| 7. | സഹവാസക്യാമ്പ് | 3,4 ക്ലാസിലെ കുട്ടികൾക്കായി ഒരുക്കുന്ന ക്യാമ്പ് | ജനുവരി | പി.ടി.എ, സ്റ്റാഫ് |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | പിന്തുണാ- സംവിധാനം |
|---|---|---|---|---|
| 8. | I C T അധിഷ്ഠിത പഠനം | എല്ലാ ക്ലാസ്സും smart class ആണ് അത് ഉപയോഗിച്ചുള്ള പഠനം | ജൂൺ - മാർച്ച് | സ്റ്റാഫ് |
| 9. | ദിനാചരണങ്ങൾ | വർഷത്തെ മുഴുവൻ ദിനാചരണങ്ങളും പ്രാധാന്യത്തോടെ ആചരിക്കുക eg: വായനാ ദിനം, പരിസ്ഥിതി ദിനം... | ജൂൺ - മാർച്ച് | പി.ടി.എ, സ്റ്റാഫ് |
| 10. | കലാ-കായിക മേളകൾ | വിദഗ്ധരെ വച്ചുള്ള പരിശീലനം | സെപ്തംബർ - ഒക്ടോബർ | വിദഗ്ധരുടെ സഹായം |
| 11. | സ്കൂൾ പച്ചക്കറി ത്തോട്ട നിർമാണം | കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് ഉച്ചഭക്ഷണാവശ്യത്തിനായുള്ള പച്ചക്കറിത്തോട്ട നിർമാണം. | സെപ്തംബർ - | പി.ടി.എ, സ്റ്റാഫ് |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 12. | ബോധവത്കരണ ക്ലാസുകൾ (Parenting, ലഹരി) | രക്ഷിതാക്കൾക്കായുള്ള ബോധവത്കരണക്ലാസുകൾ 2 മാസം കൂടുമ്പോൾ ഒരിക്കൽ നടത്തുക | ഓഗസ്റ്റ് – | സ്റ്റാഫ് |
| 13. | CPTA | ശക്തവും, പൂർണ്ണ പ്രാതിനിധ്യവുമുള്ള CPTA കൾ | ജൂൺ – മാർച്ച് | പി.ടി.എ. |
| 14. | ശില്പശാലകൾ | പഠനസാമഗ്രി നിർമാണവുമായി ബന്ധപ്പെട്ട ശില്പശാല സംഘടിപ്പിക്കൽ. കൂടാതെ ശാസ്ത്ര, ഗണിത ശാസ്ത്ര ശില്പശാലകൾ | ജൂൺ – സെപ്തംബർ | വിദഗ്ധർ |
| 15 | വീട്ടിൽ ഒരു ഫലവൃക്ഷത്തൈ ഒരുക്കൽ | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ കുട്ടികൾക്കും അത്യുൽപാദനശേഷിയുള്ള പ്ലാവ്, പേര തുടങ്ങിയ ഫലവൃക്ഷത്തൈകൾ നൽകുന്നു. | ജൂൺ | പി.ടി.എ |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 16. | സമ്പൂർണ്ണ ഗൃഹ സന്ദർശനം | കുട്ടികളുടെ പഠന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനം. ക്ലാസ് അധ്യാപികയുടെ നേതൃത്വത്തിലാണ് ഇത് നടക്കുന്നത്. | ജൂൺ - മാർച്ച് | സ്റ്റാഫ് |
| 17. | ഹിന്ദി പഠനം | U.P ക്ലാസുകളിൽ കുട്ടികൾക്ക് ഏറെ പ്രയാസമുള്ള ഒരു വിഷയമാണ് ഹിന്ദി. നാലാം ക്ലാസ് മുതൽ ഹിന്ദി ഭാഷയ്ക്ക് പ്രത്യേക പരിശീലനം നൽകി U.P ക്ലാസിലെത്തുമ്പോൾ അതിന്റെ പ്രയാസം കുറക്കുന്നു. | ഒക്ടോബർ - മാർച്ച് | സ്റ്റാഫ് |
| 18. | പത്രക്വിസും പൊതുവിജ്ഞാനവും | പത്രവായന പരിപോഷിപ്പിക്കുന്നതിനു വേണ്ടി എല്ലാ മാസവും അവസാന ദിവസം പത്രക്വിസും അതുപോലെ എല്ലാ മാസവും 10 ന് പൊതുവിജ്ഞാനക്വിസും നടത്തുന്നു. | ജൂൺ - മാർച്ച് | സ്റ്റാഫ് |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | വിനിയോഗം |
|---|---|---|---|---|
| 19 | A word a day | ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം. 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഓരോ പുതിയ വാക്കുകൾ പരിചയപ്പെടുത്തുന്നു. | ജൂൺ – മാർച്ച് | സ്റ്റാഫ് (ഇംഗ്ലീഷ് അധ്യാപിക) |
| 20. | സൈക്കിൾ പരിശീലനം | 4-ാം ക്ലാസിലെ കുട്ടികൾക്ക് മാത്രമായി നൽകുന്ന പ്രവർത്തനം. | ജനുവരി – മാർച്ച് | പി.ടി.എ, സ്റ്റാഫ്. |
| 21. | ചെസ്സ് പരിശീലനം | കുട്ടികളുടെ ബുദ്ധി വികാസത്തിനു വേണ്ടിയുള്ള പ്രവർത്തനം. (3,4 ക്ലാസിലെ കുട്ടികൾക്ക് മാത്രം). | ഡിസംബർ – മാർച്ച് | സ്റ്റാഫ് |
| 22. | നീന്തൽ പരിശീലനം. | 3,4 ക്ലാസിലെ കുട്ടികൾക്കായുള്ള പ്രവർത്തനം. | നവംബർ – ജനുവരി | പി.ടി.എ |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 23. | അമ്മ വായന | സ്കൂൾ ലൈബ്രറി കേന്ദ്രീകരിച്ച് കുട്ടികൾക്കൊപ്പം അമ്മമാരും വായിക്കുക. | ജൂൺ - മാർച്ച് | പി.ടി.എ, സ്റ്റാഫ് |
| 24 | പഠനോത്സവം | ഈ അധ്യയന വർഷത്തെ കുട്ടികൾ നേടിയ ശേഷികളുടെ നേർസാക്ഷ്യം സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കുക. | മാർച്ച് | പി.ടി.എ. |
| 25. | A word a day (Arabic), ക്വിസ് | അറബി ഭാഷാ പരിപോഷിപ്പിക്കുന്നതിനു വേണ്ടിയും പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും 3,4 ക്ലാസിലെ കുട്ടികൾക്ക് പുതിയ വാക്കുകളും, ക്വിസും നടത്തുന്ന പ്രവർത്തനം. | ജൂൺ - മാർച്ച് | അധ്യാപിക (അറബിക്) |